
ഡിജിറ്റൽ ഗാലക്സി

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് (L K 12023)

# ഡിജിറ്റൽ മാഗസിൻ

## 2018-2019

## ജി. എച്ച്. എസ്.എസ് ബളാംതോട്

### ഹൊസ്ദുർഗ് ഉപജില്ല.

# മാഗസിൻ എഡിറ്റോറിയൽ അംഗങ്ങൾ

1.ചീഫ് എഡിറ്റർ :യദുരാജ്.കെ-9E

2.സബ് എഡിറ്റർ :മിഥുൻ ക്രിഷ്ണ-9A

# കമ്മിറ്റി അംഗങ്ങൾ

1.ശ്രീകിരൺ - 9C

2.അനഘ.എ.എസ് - 9E

3.അഖിത സ്റ്റാൻലി - 9E


4.ശ്രീകാന്ത് - 9C

5.ജ്യോതിക.പി.എസ് -9 B

# ലിറ്റിൽ കൈറ്റ്സ് അധ്യാപകർ

1.ബാബു.ബി.സി

2 നിഷ.കെ




# ജി.എച്ച്.എസ്.എസ്

# –ബളാന്തോട്

# സന്ദേശം




ബളാംതോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും പുറത്തിറക്കുന്ന ലിറ്റിൽ കൈററ് ഡിജിററൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു. ഈ മാഗസിൻെറ ഭാഗമായി പ്രവർത്തിച്ച എല്ലാ ലിററിൽ കൈററ് അംഗങ്ങൾക്കും അദ്ധ്യാപകർക്കും എൻെറ സ്നേഹം നിറഞ്ഞ ആശംസകൾ നേരുന്നു.

പി.എം കുര്യാക്കോസ്,
പി.ടി.എ.പ്രസിഡണ്ട്

.

# MESSAGE



Its is  a pleasure to know that a magazine is released as a part of the activation of school Little Kites Club. Little Kites is a premier initiative of Government of Kerala to impart Information Technology Education among school children to face the new challenges in the emerging world of knowledge in the Technological era. The student community is trained to use electronic gadgetry as a learning tool. E-Magazine is an innovative idea to share and care sprouting ideas of Little Kids. It will be a Kaleidoscope of creativity of children in the field of IT. I hope the idea of E-Magazine will be a milestone in the school activities of Little Kites.

**A. K VINODKUMAR**
**Principal**
**G.H.S.S. Balanthode**

# സന്ദേശം



നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ വളരേയധികംസന്തോഷിക്കുന്നു. ശാസ്ത്രവും സാങ്കേതിക വിദ്യയും അനുദിനം അനുസ്യൂതം വളർന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. വിവര സാങ്കേതിക വിദ്യ സമസ്തമണ്ടലങ്ങളിലും ശക്തമായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് വളർന്നുവരുന്ന കുട്ടികളിൽ അതിനോടുള്ള താത്പര്യവും അഭിരുചിയും വളർത്തിയെടുക്കേണ്ടത് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ചുമതലകളിലൊന്നാണ്. ഇവിടെയാണ് ജി. എച്ച്. എസ്. എസ്. ബളാംതോടിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ചേർന്നൊരുക്കുന്ന ഡിജിറ്റൽ മാഗസിന്റെ പ്രസക്തി. കുട്ടികളുടെ മനസ്സിലെ ആശയങ്ങളെ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ അവതരിപ്പിക്കുന്നതുവഴി അതിന്റെ സാധ്യതകളെക്കുറിച്ചറിച്ചറിയാനും അതിനോടുള്ള താത്പര്യം വളത്താനുള്ള അവസരമാണ് ലഭിക്കുന്നത്. ഇതിനുപിറകിൽ പ്രവർത്തിച്ച എല്ലാവരേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

വിവര സാങ്കേതിക വിദ്യയുടെ ചിറകിലേറി പുത്തൻ ചിന്തകളുടെയും നൂതനാശയങ്ങളുടെയും അനന്തവിഹായസ്സിലേക്ക് പറന്നുയരുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

**രത്നാവതി എ**
**ഹെഡ്മിസ്ട്രസ്**
**ജി. എച്ച്. എസ്. എസ്. ബളാംതോട്**

# സന്ദേശം



ഗവ.സ്കൂൾ തലത്തിൽ നടപ്പിലാക്കുന്ന ഹൈടെക്ക് വിദ്യാഭ്യാസത്തിന്റെ ഭാഗമായി രൂപികരിക്കപ്പെട്ട ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കപ്പെടുന്ന ഡിജിറ്റൽ മാഗസിൻ, കുട്ടികളിൽ നൂതന സാങ്കേതിക വിദ്യയെക്കുറിച്ചറിയാനും അവരെ ആധുനികലോകത്തിലേക്ക് നയിക്കുവാനും പ്രാപ്തരാകട്ടെയെന്ന് ആശംസിക്കുന്നു.

**ഷാജി ജേക്കബ്**
**സ്റ്റാഫ് സെക്രട്ടറി**
**ജി. എച്ച്. എസ്. എസ്. ബളാംതോട്**

# ആമുഖം

ഇന്ന് ലോകത്തിന്റെ ഏതാണ്ടെല്ലാ ഭാഷകളിലും കംപ്യൂട്ടർ ഉപയോഗിക്കുന്നു. കമ്പ്യൂട്ടറിൽ വിവരങ്ങൾ ശേഖരിക്കുവാനും അത് പങ്കുവയ്ക്കാനും ഉതകുന്ന തരത്തിൽ ലോകത്തിലെ മിക്ക പ്രാദേശിക ഭാഷകളും സജ്ജമാക്കുന്നത് ആധുനിക ഭാഷാകമ്പ്യൂട്ടിങ് സംവിധാനങ്ങൾ വികാസം നേടിയതോടെയാണ്. എന്നാൽ ഗ്രാഫിക്കൽ യൂസർ ഇൻ്റർഫെയ്സും ,മൗസും,പേഴ്സണൽ കമ്പ്യട്ടറിൻെറ വരവേടു കൂടി കമ്പ്യൂട്ടർ കൂടുതൽ ജനകീയമായി .

ഇന്ന് ഹൈടെക് സൗകര്യങ്ങൾ നിലവിൽ വന്ന സ്കൂളുകൾക്ക് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്. ഡിജിറ്റൽ രീതിയിൽ തയ്യാറക്കുന്ന ഫയലുകൾ, മീഡിയാ ഫയലുകൾ കൂടി ചേർക്കാവുന്ന രീതിയിൽ ഇ-പബ് രൂപത്തിൽ ഡിജിറ്റൽ മാഗസിനുകൾ തയ്യാറക്കാനും സാധിക്കും.

സ്കൂളുകളിലെ വിവിധ പ്രവർത്തനങ്ങളുടെ ഡോക്യുമെൻേറഷൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ചുമതലയിൽപ്പെടുന്നതുകൊണ്ട് ഭാഷാകമ്പ്യൂട്ടിങ് സങ്കേതങ്ങളിൽ അവർക്ക് ഒരു സാമാന്യമായൊരു അവബോധം ആവശ്യമാണ്. അതിൽ ഒരു പ്രധാന ഘടകമാണ് മലയാളം കമ്പ്യൂട്ടിങ്. ഇതിൻെറ ഫലപ്രാപ്തിക്കായി ഓരോ സ്കുളിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി വരുന്നു. ഈ ശേഷികൾ നേടുന്നതിലൂടെ ഒരോ കുട്ടികളും പല തരത്തിലുള്ള പ്രയോഗിക പരിശീലനങ്ങളും നേടുന്നു .അതിലേക്കായി കട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, അഭിമുഖങ്ങൾ, യാത്രാവിവരണങ്ങൾ, അനുഭവക്കുറിപ്പുകൾ, എന്നിവ ഉൾപ്പെടുത്തുന്നു. കൈറ്റ്സ് അംഗങ്ങളിൽ നിന്നും മാഗസിൻ എഡിറ്റോറിയൽ അംഗങ്ങളെ തെരഞ്ഞടുത്ത് അവർക്ക് മാസികാ നിർമ്മാണത്തെക്കുറിച്ച് പരിശിലനം നൽകി. സൃഷ്ടികൾക്കാവശ്യമായ ചിത്രങ്ങൾ, ഇമേജ് എഡിറ്റിങ് സോഫ്റ്റ്വെയറുകളായ ജിമ്പിലും ഇങ്ക്സ്കേപിലും ഉൾപ്പെടുത്തി മാഗസിൻെറ പേജുകൾ തയ്യാറാക്കി.

ലിറ്റിൽ കൈറ്റ്സിൻെറ നേതൃത്വത്തിലും സാങ്കേതിക സഹായത്താലും നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളിൽ കൂടുതൽ ആത്മവിശ്വാസവും ഒപ്പം അവരുടെ സർഗാത്മകവും അന്വേഷണാത്മകവുംമായ കഴിവുകൾ കൂടുതൽ വളർത്താനും അവരെ ആധുനിക ലോകത്തെ നൂതനസാങ്കേത്തികവിദ്യയിലേക്ക് കൈപ്പിടിച്ച് ഉയർത്താനും സാധ്യമാകുമെന്ന് നമുക്കു ഉറച്ചുവിശ്വസിക്കാം.


സ്കൂൾ തലത്തിൽ തയ്യാറാക്കിയ മാഗസിന് നേട്ടങ്ങളോടൊപ്പം പോരായ്മകളും ഉണ്ടാകാം. എങ്കിലും ഈ മാഗസിനുമായി സഹകരിച്ച മുഴുവൻ അംഗങ്ങൾക്കും അധ്യാപകർക്കും വിനയത്തിന്റെ ഭാഷയിൽ നന്ദിഅറിയിക്കുന്നു.



**ചീഫ് എഡിറ്റർ**
**യദുരാജ് കെ IX E**



# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ




" ജീവിതമാണ് എന്റെ സന്ദേശം"

# താളുകളിലൂടെ....


| | |
|---|---|
| | നേട്ടങ്ങളുടെ നെറുകയിൽ(ജെയ്മോൻ മാത്യു) |
| | എന്റെ ബാല്യകാലം (സെൽന സാബു) |
| | എന്റെ പ്രിയപ്പെട്ട കൂട്ടുകാരി(ശ്രുീതി പി) |
| | ലോകപരിസ്ഥിതിദിനം |
| | വായന ഒരു അമൃത്(അമൃത എം ജി) |
| | കലാപം (അഖിൽ.ജി +2 Science) |
| | വർണ്ണദീപം(അമൃത എം ജി) |
| | ഓന്ത് ഒരു സവർണ്ണൻ(ബിജു ജോസഫ് HSST ) |
| | മഴപറഞ്ഞ കഥ (സിൻസി മോൾ +1 Science) |
| | പടങ്ങൾ(കുട്ടികളുടെസൃഷ്ടികൾ) |
| | മികച്ച വായനക്കരനെ ആദരിച്ചു |
| | തിളക്കമാർന്ന നേട്ടങ്ങൾ |
| | ഹിമകരണങ്ങളുടെ റാണി(സ്മിത എച്ച്. എസ്. എ) |
| | ആരുമില്ലാത്തവർ അനാഥർ |
| | സ്കൂൾ ലൈബ്രറി(നിഷ. കെ) |
| | എന്റെലോകം പുസ്തകങ്ങളുടേത്(സാരംഗ വി ) |
| | സ്കൂളിന്റെ ഔഷധതോട്ടം |
| | ചരിത്ര നേട്ടം |
| | നീരാജ്ഞനം (രവീന്ദ്രകുറിപ്പ് HSST) |
| | അക്ഷരമുറ്റംക്വിസ്സ് |
| | സ്കൂൾ കായികമേള |
| | സെൽഫിയുടെ ലോകം(അജീന രാജേഷ്) |
| | സ്പോട്സിൽ അഭിമാനം |

| | |
|---|---|
| | സ്കൂൾ കൗൺസിലിങ് (സൗമ്യ. സിറിയക്ക്) |
| | മോട്ടിവേഷൻ ക്ലാസ് |
| | എന്റെ പുസ്കത പരിചയം(അമൃത പി. എം) |
| | വായനാനുഭവം (റിസ്സ) |
| | ശാസ്ത്രവും സാമൂഹ്യധർമ്മവും(മഞ്ജൂഷ പി. എം 8D) |
| | മാതാവിന്റെ ദുഖം(മൃദുല മോഹൻ 5C) |

# നേട്ടങ്ങളുടെ നെറുകയിൽ

യശഃശരീരനായ ശ്രീ പാറക്കാടൻ രാമൻനായരുടെ മഹാമനസ്കതയിൽ ലഭ്യമായ മൂന്നേക്കർ സ്ഥലത്ത് വളർന്ന പന്തലിച്ച ബളാന്തോട് ഗവ.ഹയർസെക്കന്ററി സ്കൂൾ ചരിത്രത്തിന്റെ ഇടനാഴിയിലൂടെ സഞ്ചരിച്ച് വളർച്ചയുടെ പടവുകളിൽ കയറി നിൽക്കുമ്പോൾ ചാരിതാർത്ഥ്യത്തിന്റ തിളക്കത്തിൽ കിഴക്കൻ മലയോരമേഖലയിലെ ഈ വിദ്യാലയത്തെ വിജയസോപാനത്തിലേക്ക് കൈ പിടിച്ചുയർത്തുവാൻ ഇവിടുത്തെ അധ്യാപകരും വിദ്യാർത്ഥികളും അഭ്യുദയകാംക്ഷികളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ബഹുജനങ്ങളും കാണിച്ച താൽപര്യം ശ്ലാഘനീയവും അവിസ്മരണീയവുമാണ്.



1948-ൽ ഏകാധ്യാപകവിദ്യാലയമായി ആരംഭിച്ച് പ്രൈമറി,അപ്പർപ്രൈമറി തലങ്ങളിലൂടെ വളർന്ന് 1980-ൽ ഹൈസ്കൂളായി 2000-ൽ ഹയർസെക്കന്ററി സ്കൂളായും അംഗീകാരം ലഭിച്ചതോടെ ഈ സ്ഥാപനം വളർച്ചയുടെ ഉന്നതിയിലെത്തുകയായിരുന്നു.

പൊതുവിദ്യാലയസംരക്ഷണയജ്ഞത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് നടന്ന വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ചുരുങ്ങിയ കാലം കൊണ്ട് ഈ വിദ്യാലയത്തിന്റെ മുഖച്ഛായ തന്നെ മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇരുപത്തിയാറ് ക്ലാസ് മുറികൾ ഹൈടെക്ക് ആക്കി പ്രവർത്തനസജ്ജമായിരിക്കുകയാണ്.

നാടിനെ നടുക്കിയ പ്രളയക്കെടുതിയിൽ കേരള ജനതയ്ക്ക് കൈത്താങ്ങായി ഈ വിദ്യാലയത്തിലെ കുട്ടികൾ ഏകദേശം 1 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയിട്ടുണ്ട്. സ്കൂളിലെ എല്ലാ അധ്യാപകരും ഈ ജീവകാരുണ്യ പ്രവർത്തനത്തിൽ പങ്കാളികളായിട്ടുണ്ട്.

സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജൂനിയർ റെഡ് ക്രോസ്, സ്കൗട്ട് & ഗൈഡ്, ലിറ്റിൽ കൈറ്റ്സ്, ആർ കെ എസ് കെ എന്നീ കേഡറ്റുകളുടെ ഏകോപനത്തിലൂടെ സ്കൂളിലെ അച്ചടക്ക സാംസ്കാരിക നിലവാരം അനുദിനം മെച്ചപ്പെട്ടു വരുന്നു. കൂടാതെ കലാ-കായിക മത്സരങ്ങളിൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലും മികച്ച പ്രകടനം കാഴ്ചവെക്കാൻ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഏകദേശം രണ്ടായിരം വിദ്യാർത്ഥികളും എൺപത്താറോളം അധ്യാപകരും അഞ്ചോളം അനധ്യാപകരുമുള്ള ഈ വിദ്യാലയത്തിന്റെ അഭിമാനാർഹമായ വിജയത്തിനുപിന്നിൽ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ശ്രീ. എ.കെ വിനോദ് കുമാറിന്റേയും ഹെഡ്മിസ്ട്രസ് ശ്രീമതി. എ.രത്നാവതിയുടേയും നേതൃത്വത്തിലുള്ള അധ്യാപകരുടെ കൂട്ടായ്മയും ഒപ്പം തന്നെ ശക്തവും ഉൾക്കാഴ്ചയുമുള്ള പി.ടി.എ, എസ്.എം.സി,

എസ്.എം.ഡി.സി എന്നിവരുടെ നേതൃത്വവുമുണ്ട്. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് പിന്തുണയും സഹായവും നൽകാൻ സദാ കർമ്മനിരതമായിരിക്കുന്ന പി.ടി.എ കമ്മിറ്റി, പ്രസിഡന്റ് ശ്രീ.പി.എം കുര്യാക്കോസിന്റേയും വൈസ്പ്രസിഡന്റ് ഇ.ജി ഷാജിയുടെയും മദർ പി.ടി.എ പ്രസിഡന്റ് ശ്രീമതി പത്മകുമാരിയുടേയും മറ്റു അംഗങ്ങളുടേയും കൈയിൽ ഭദ്രമാണ്.

ത്രിതല പഞ്ചായത്തുകളും, കാഞ്ഞങ്ങാട് എം.എൽ.എയും മന്ത്രിയുമായ ശ്രീ.ഇ.ചന്ദ്രശേഖരനും, എം.പി ശ്രീ.പി.കരുണാകരനും മറ്റു ജനപ്രതിനിധികളും സ്കൂളിന് പുതിയ ബ്ലോക്കുകളും ബസും നൽകുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെന്ന കാര്യം പ്രത്യേകം സ്മരണീയവും ശ്ലാഘനീയവുമാണ്. തുടർന്നും ഈ സ്ഥാപനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി അവർ പ്രവർത്തിക്കുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.




**Sri. JaimonMathew ( Sr. Asst)**

# എന്റെ ബാല്യകാലം

തിരികെ ലഭിക്കുമോ ഇനി
എനിക്കെൻ ബാല്യകാലം
തിരികെ ലഭിക്കുമോ ഇനി
നിനക്കുനിൻ ബാല്യകാലം

പ്രഭാതപുലരി ഉദിച്ചുയരും
കളിച്ചെപ്പുമായി
മണ്ണപ്പം ചുട്ടു കളിക്കുമോ
മാവിൻ ചുവട്ടിൽ ഞങ്ങൾ

കുസൃതി കാട്ടി കരയുമാ
ബാല്യകാലത്തിൽ ഞാൻ
പൂമഴയത്തു തുള്ളി
കളിക്കുമാ ഞാൻ

Selna Sabu (8C)

# എൻെറ പ്രിയപെട്ട കൂട്ടുകാരി

മനസ്സിലൊരു നീർച്ചാലുറവ പൊട്ടിയപ്പോൾ തിരഞ്ഞ തൂവാലക്ക് പകരം കൈയിൽ തടഞ്ഞത് പഴയ ഡയറിത്താളുകളായിരുന്നു.എന്നിൽ നിന്ന് നമ്മളിലേക്കുള്ള യാത്രയിൽ....തിരക്കിട്ട യാത്രയിൽ മനപ്പൂർവ്വമല്ലാതെ വിസ്മരിച്ച...എന്തോ മറന്നെന്നോ ബാക്കിയായെന്നോഎന്ന തോന്നൽ കുറേ വർഷങ്ങളായി എനിക്ക് സമ്മാനിച്ച എൻെറ പ്രിയപ്പെട്ട കൂട്ടുകാരി...ഇന്നെന്തോ അവളോട് സംസാരിക്കാൻ എനിക്ക് തോന്നുന്നു.സങ്കടകാർമേഘങ്ങൾ മഴയായി പെയ്ത് തീർത്ത ഋതുമാറ്റത്തെ കുറിച്ചാണോ.... അതോ പ്രതീക്ഷയുടെ ആകാശത്ത് വലിഞ്ഞ് കയറുന്ന നിരാശയുടെ കാർമേഘക്കൂട്ടങ്ങളെ കുറിച്ചാണോ...നീണ്ട വഴിത്താരയിൽ എന്നെ കാത്തിരുന്ന സൗഹൃദവസന്തത്തെ കുറിച്ചാണോ ...ചുറ്റുമുള്ള വേദനിക്കുന്ന ഹൃദയങ്ങൾ എന്നെയും വേദനിപ്പിക്കുന്നു എന്ന തിരിച്ചറിവിനെ കുറിച്ചാണോ....അമ്മയെ കുറ്റപ്പെടുത്തുന്നതിൽ നിന്നും അമ്മയുടെ കണ്ണുനീർ സങ്കടമായി എന്നിലൊഴുകാൻ തുടങ്ങിയ വർഷങ്ങളുടെ മാറ്റത്തെ കുറിച്ചാണോ...അറിയില്ല ... എനിക്ക് എന്തിനെ കുറിച്ചാണ് എഴുതേണ്ടതെന്ന്..

പഴയ ഡയറിയാണിത്. സ്ഥിരമായി മനസ്സിലെ ഭ്രാന്ത് പങ്ക് വെക്കുന്ന കാലത്തുള്ള ഡയറി .അവളുടെ വരികൾക്കിടയിലും എൻെറ മനസ്സിലും മാത്രം അവശേഷിക്കുന്ന കുറേ രഹസ്യങ്ങൾ... എഴുതിയ വരികൾക്കപ്പുറം എഴുതാതെ മനസ്സിൽ സൂക്ഷിച്ചത്....ഇപ്പോൾ ഈ ഡയറിത്താളുകൾക്കുള്ളിൽ തെളിഞ്ഞ് കാണുന്നു.....വേദനയും സ്വപ്നവും പ്രണയവും പ്രതീക്ഷയും സമ്മാനിച്ച കാലത്തിൻെറ ശേഷിപ്പ് ....... അവളുടെ വരികൾ വർഷങ്ങൾക്ക് പിറകിൽ പോയി എൻെറ ഹൃദയത്തിലിടിച്ചുകൊണ്ടിരിക്കുന്നു.

എന്താണ് സങ്കടം ......? എന്താണ് എഴുതേണ്ടത് ? വർഷങ്ങളുടെ ഒഴുക്കിൽ ശേഷിച്ച കുറേ വെള്ളാരംകല്ലുകൾ ഉള്ളിലെവിടയോ തിളങ്ങുന്നുണ്ട്.കൈക്കുമ്പിളിൽ കോരിയ വെള്ളം പോലെ കാലംജീവന്റെ ഇടയിലൂടെ ചോർന്ന് പോകുന്നത് അറിയാതെ

പോകുന്നു..... സന്തോഷം നിറക്കുന്ന ഒരു വരിമഷിയിലൂടെ ഇവളിലേക്ക് പകരുമ്പോൾ

സങ്കടക്കടലിന്റെ ഒരു ഉപന്യാസം മനസ്സിൽ എഴുതിത്തീർന്നിരിക്കുന്നു

അകലെ എവിടെയോ ഒരലറിക്കരച്ചിൽ......വേനലണയും മുമ്പേ വറ്റി വരളുന്നപുഴയുടെ തൊണ്ട പൊട്ടിയുള്ള കരച്ചിലാണോ.............. അതോകാലം തെറ്റി വന്ന മഴയിൽ ഉറഞ്ഞുതുള്ളുന്ന അവളുടെരൗദ്രഭാവമാണോ...? വരളുന്ന മണ്ണിനും ഇടിയുന്ന കുന്നിനും പറയാനുള്ളതാണോ തൊണ്ടയിൽ കുരുങ്ങി കിടക്കുന്നത്...? പേരറിയാത്ത പൂമരങ്ങൾ ആർക്കോ വേണ്ടി നീണ്ട നടവഴികളിൽ പൂവുതിർക്കുമ്പോഴും.....നിശബ്ദ സംഗീതം പൊഴിക്കുന്ന ഈ സായന്തനം ഒരു കണ്ണുനീർത്തുള്ളിയായ് തന്നെ എന്നെ

എവിവെയോ തൊട്ട് കൊണ്ടിരിക്കുന്നു.കരച്ചിലിന്റെ ശബ്ദം മാത്രം നിലക്കുന്നില്ല. അത് ഏതോ ഒരു അമ്മയാണൊ.... പേരറിയാത്ത കുഞ്ഞനിയത്തിയാണോ.......? അറിയില്ലെനിക്ക്. നിന്നിലലിയുന്ന അക്ഷരങ്ങൾക്ക് അവളുടെകണ്ണുനീർ ഒപ്പിയെടുക്കാനാകുമോ...? അവളെ ആശ്വസിപ്പിക്കാനാകുമോ......? മനസ്സ് വല്ലാതെ കൊതിക്കുന്നു.

ഒന്നറിയുന്നു ഞാൻ.... ചുവന്ന ആമ്പൽപ്പൂക്കൾ നിറഞ്ഞ് നിൽക്കുന്ന കാഴ്ച തരുന്ന സന്തോഷം പോലെഎന്തോ ഒന്ന്... പ്രതീക്ഷയുടെ ഒരു പുത്തൻ ഉണർവ്.ഒരു സാന്ത്വനം.. നിന്റെ വരികളുമായി സംസാരിക്കുമ്പോൾഅകലെ ആകാശത്ത് അസ്തമയസൂര്യന്റെ ചുവപ്പ് യാത്ര പറയാതെ മായുന്നു... നഷ്ടപ്പെടുത്തലിന്റെ ഓർമ്മപ്പെടുത്തൽ നാളയുടെ പുലരിച്ചുവപ്പായി വീണ്ടും ഉദിക്കും . നിന്റെ താളുകൾ മറിഞ്ഞ് കൊണ്ടിരിക്കും .എഴുത്തു തൽക്കാലം നിർത്തട്ടെ...മുമ്പെങ്ങോ വായിച്ച ഒരു കവിത മനസ്സിൽ മഴ പെയ്യും പോലെ പാടിക്കൊണ്ടിരിക്കുന്നു....

“യാത്രകൾ....യാത്രയാണല്ലോ ജൻമം.....
സമാശ്വാസമാത്രകൾ... സായൂജ്യമെന്നോർപ്പതേ ധന്യം".....

Sreethi.P
HSST



## ജൂൺ 5,2018

### നാല്പത്തെട്ടു പരിസ്ഥിതി സംരക്ഷണ പോസ്റ്ററുകളുമായി
### നാല്പത്തെട്ടാം ലോക പരിസ്ഥിതി ദിനം

ബളാംതോട്: “പ്ലാസ്റ്റിക് ഒഴിവാക്കൂ....ഭൂമിയെ രക്ഷിക്കൂ...” എന്ന സന്ദേശമുയർത്തുന്ന നാല്പത്തെട്ടു പരിസ്ഥിതി സംരക്ഷണ പോസ്റ്ററുകളുമായിട്ടാണ് ബളാംതോട് ഗവ.ഹയർസെക്കണ്ടറി സ്കൂൾ കുട്ടികൾ നാല്പത്തെട്ടാം ലോക പരിസ്ഥിതി ദിനാചരണത്തിന് എത്തിയത്. വിദ്യാർഥികൾ വിവിധ ഗ്രൂപ്പുകളായി തയ്യാറാക്കിയ ചാർട്ടുകൾ ഏറെ ജനശ്രദ്ധ ആകർഷിച്ചു. പരിസ്ഥിതി സംരക്ഷണ വൃന്ദഗാനത്തോടെ സമാരംഭിച്ച പരിസ്ഥിതി ദിനാചരണ പ്രവർത്തനങ്ങൾക്ക് മുഴുവൻ വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും സാക്ഷ്യം വഹിച്ചു. ബഹു.പനത്തടി പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീമതി ഹേമാംബിക വൃക്ഷത്തൈകൾ വിതരണം ചെയ്തു കൊണ്ട് ദിനാചരണത്തിൻെറ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് സ്കൂൾ വളപ്പിൽ വൃക്ഷത്തൈകൾ നട്ടു. പി.റ്റി.എ പ്രസിഡൻറ് കുര്യാക്കോസ് യോഗത്തിന് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ എ.കെ. വിനോദ് കുമാർ പ്ലാസ്റ്റിക് വർജ്ജനത്തിൻെറ പ്രസക്തിയെപ്പറ്റി പ്രഭാഷണം നടത്തി. പ്രഥമാധ്യാപകൻെറ ചുമതലയുള്ള ജയ് മോൻ മാത്യു നന്ദി പറഞ്ഞു. ഉദ്യാന നിർമ്മാണം,പരിസ്ഥിതി ക്വിസ് മത്സരം എന്നിവയും നടന്നു.

# വായന ഒരു അമൃത്

വായന എന്റെ ഇഷ്ടവിനോദമാണ് വായനയിലൂടെ നാം കടന്നുചെല്ലുന്നത് അക്ഷരങ്ങളുടെ ഉത്സവരാവിലേക്കാണ് .പലർക്കും വായനയിൽ പല മേഘലകളുണ്ടാവും. എനിക്ക് കഥകളും നോവലുകളുമാണിഷ്ടം .ആടുജീവിതം, എൻമകജെ, ഹെയ്ഡി, ഭൂമിയുടെഅവകാശികൾ, ദ്രൗപതി, ഉത്തർഘണ്ടിലൂടെ, ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ, ആനപ്പുട,ഹിമവാന്റെ മുകൾത്തട്ടിൽ തട്ടിൽ തുടങ്ങി 40 ലേറെ പുസ്തകങ്ങൾ വായിക്കാൻ എനിക്കു സാധിച്ചു.അവയിൽ പ്രിയപ്പെട്ടവയാണ് ഞാൻ മുകളിലെഴുതിയത്.

ബഷീർ എന്റെ പ്രിയപ്പെട്ട എഴുത്തുക്കാരനാണ്.അതുപോലെ ബെന്യാമനും.ഇവരുടെ കഥകളിൽ ജീവിതത്തിന്റെ തൻമയത്വം നിറഞ്ഞുനിൽക്കുന്നു.

വായന എനിക്ക് വളരെ ഇഷ്ടമാണ്.എല്ലാം നിശബ്ദമാകുമ്പോൾ,തനിച്ചിരുന്നു വായിക്കുമ്പോൾ വായന നമ്മെ കൂട്ടികൊണ്ടുപോകുന്നത് ഒരു മാസ്മരിക ലോകത്തിലേക്കാണ്.അത് നമ്മെ വീണ്ടും വായനയിലേക്ക് ആകർഷിക്കും.വായന എന്നെ ഒട്ടേറെ സ്വാധീനിച്ചിട്ടുണ്ട്.കൂടുതലും ഭാഷാപരമായി ഒട്ടേറെ വ്യത്യസ്ത വാക്കുകളും ഞാൻ മനസിലാക്കി. മനസിന് സന്തോഷവും മരുന്നുമാണ് .വായന ഒരു വിനോദം മാത്രമല്ല അമൃതാണ്.അത് തിരിച്ചറിയാനെല്ലാവർക്കും സാധിക്കും.

# കലാപം

തുടക്കത്തെ ജനിപ്പിച്ചവളോട് നന്ദിയുണ്ട്
ഞാനാകുന്ന കലാപത്തെ സൃഷ്ടിച്ചവനോടും
ജനനം മാറ്റം മൂലമാണത്രേ
എന്തിനീ ജനനമെന്നുമാത്രം അറിവില...
കലാലയം ചങ്കിടവനോടായിരുന്നു.
വൈകാരിക നമിഷങ്ങൾ അവളോടൊപ്പവും.

ഇന്നിൻെറ ഇടനാഴികളിലെൻ
മൗനം ജ്വലിച്ച കവിതകളിലൂടെ
ഇതിനുത്തരം എനിക്കെ
ന്തെവെന്നറിവില..
ആരായിരുന്നു ഞാനെന്നത് ?;

ഭൂതകാലങ്ങളാൽ പിന്നിടേണ്ടി
വന്ന പാതയോരങ്ങളിൽ
ഞാൻ മരിച്ചു വീണതും ഇതി-
നുത്തരം തേടിയായിരിക്കാം.

എന്നെ പകർന്നെടുത്ത വിധി-
കളോട്. എന്തിനെന്നെ അശുദ്ധനാക്കി?
ഇന്നും. മുഴങ്ങാറുണ്ട് ഞാനില്ലായ്മ-
കളിൽ നിശബ്ദമാക്കപ്പെട്ട ഒരാ-
യിരം ചുവന്ന മുദ്രാവാക്യങ്ങൾ.

ഞാനെന്നെ മനസ്സിലാഴ്ത്തിയിരിക്കുന്നു
ഞാനെന്നെ മനസ്സിലാക്കിയിരുന്നു.
എന്നെശ്രമിക്കാതെപോയതാവാം.
ഇന്നീ ആളിക്കത്തലിനുത്തരം.

സ്വയം പകർന്നെടുത്ത മനുഷ്യാ.
ഞാനെന്നത് ഇന്നുമെന്നും
കാലത്തോട് കലഹിച്ചവനാണ്.

പ്രിയപ്പെട്ട പകർപ്പിനോട്,
നീ നിന്നെയറിയാതെ,
മൗനം കുടിക്കാതെ,
എന്നെ കൊല്ലപ്പെടുത്തുക.
നീ പകർപ്പിലേക്ക് മാത്ര-
മായ് ചുരുങ്ങാതിരിക്കുക.

എന്ന് ഞാൻ.....
പ്ലസ് ടു സയൻസ് അഖിൽ.ജി

# വർണ്ണ ദീപം

ഞാൻ 5-)ം ക്ലാസു മുതൽ ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ തുടങ്ങിയതാണ്. ഈ കാലയളവ് വളരെ കുറഞ്ഞതാണെങ്കിലും വായനയുടെ ലോകം എനിക്കു സമ്മാനിച്ചത് മഹനീയ അനുഭൂതികളാണ്. ഈ 5 വർഷത്തിനിടയിൽ ഞാൻ വായിച്ചു തീർന്ന പുസ്തകങ്ങളുടെ എണ്ണം 50-ഓളം മാത്രമാണ്. പക്ഷേ അതിലൂടെ എനിക്കു ലഭിച്ചത് നിരവധി അറിവും പ്രചോദനവുമാണ്. ബോറടി മാറ്റാൻ ആണ് വായന തുടങ്ങിയതെങ്കിലും ഇന്ന് അതെന്റെ സഹവാസിയാണ്. ഇണങ്ങുകയും പിണങ്ങുകയും കരയിപ്പിക്കുകയും ചിരിക്കുകയും ചെയ്യുന്ന എന്റെ സ്വന്തം കൂട്ടുകാരൻ. ചില കഥകളിലെ കഥാപാത്രങ്ങൾ ഇന്നും എന്റെ മനസിൽ ജീവിക്കുന്നു. ദുരിതക്കയത്തിൽ മുങ്ങി അഗ്നിച്ചിറകുകൾ , ആൽകെമിസ്റ്റ് , ടോട്ടോചാൻ . കണ്ണ് എന്റെ സത്യാന്വേഷണപരിക്ഷണങ്ങങ്ങൾ , ആനപ്പൂട, കാപ്പിരികളുടെ നാട്ടിൽ , നരനായും പറവയായും, ജീൻ വാൽ ജിൻ ഈസോപ്പുകഥകൾ , പഞ്ചതന്ത്ര കഥകൾ ,ഇന്ത്യൻ നാടോടികഥകൾ , ഓടയിൽ നിന്ന് , മാധവികുട്ടിയുടെ സമ്പൂർണകഥകൾ, വാനമ്പാടിയും പനിനീർച്ചെടിയും , ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ, ഞാൻ മലാല, ചൈനീസ് കഥകൾ , ആടു ജീവീതം, എൻെ സത്യാന്വേണ പരീക്ഷണങ്ങങ്ങൾ തുടങ്ങി നിരവധി കൃതികൾ എന്റെ പുസ്തകപരിചയത്തിൽ പെട്ടവയാണ്. ഇതിൽ എന്നെ ഏറ്റവും ആകർഷിച്ച പുസ്തകങ്ങളാണ് സന്തോഷത്തിന്റെ രഹസ്യം തേടിപ്പോകുന്ന സാന്റയാഗോ എന്ന ഇടയബാലന്റെ കഥപറയുന്ന പൗലോ കൊയ്ലോയുടെ "ആൽകെമിസ്റ്റ്", ദാരിദ്ര്യത്തിന്റ പടുകഴിയിൽ നിന്നും ഉയരങ്ങളിൽ എത്തിയ ഭാരതത്തിന്റെ പേര് വാനോളം ഉയർത്തിയ ഡോ. എ പി ജെ അബ്ദുൾ കലാമിന്റെ ആത്മകഥയായ അഗ്നിചിറകുകൾ , സ്വാതന്ത്ര്യത്തിന്റെ സന്തോഷം പകരുന്ന ടെറ്റ്സുകോ കുറോയനഗിയുടെ ടോട്ടോച്ചാൻ എന്നിവ . ഇവ എനിക്ക് തന്ന പ്രചോദനം അനുഭൂതി... അത് വാക്കുകളിൽ ഒതുങ്ങില്ല. ഒരു പക്ഷേ എന്റെ ജീവിതത്തിൽ , നമ്മുടെ ജിവിതത്തിൽ വഴിത്തിരിവാകുന്നത് ഇത്തരം പുസ്തകങ്ങളായിരിക്കാം.

*അമൃത എം ജി*

*9 A*

# ഓന്ത് ഒരു സവർണൻ

അകമോ പുറമോ അല്ലാത്ത,
എന്നാൽ അകവും പുറവുമൊന്നിച്ച
വേലിക്കു മുകളിൽ
ഞാനിങ്ങനെ ഇരിക്കും.
സൂര്യനിൽ നിന്നടർന്നുവീണ തീഗോളങ്ങൾ-
കടം കൊണ്ട കണ്ണുകളുമായി.
അഷ്ടദിഗ് പാലകൻ.
ഓന്തെന്നും വിളിക്കാം,പക്ഷേ
മുൻവിധി പാടില്ല.
വേലിക്കൽ മുളന്തണ്ടായും
ഇലച്ചാർത്തിൽ പച്ചിറച്ചിയായും
കല്ലിൻെറ കരുത്തായും
മണ്ണിൻെറ മനസ്സായും
ശത്രുവിനെ പേടിച്ച് നിറം മാറുമ്പോൾ
തൊണ്ടയോളം കിതപ്പുള്ള ശ്വാസകോശം കണ്ട്
ചോരക്കൊതിയനെന്ന് വിധിച്ച്
ഉന്നം പിടിയിട്ട് ഒരേറ്.
വേലിക്കൽ കണ്ട് പോയാൽ
അപശകുനമെന്ന്.
വിശപ്പിനെ ആട്ടിയകറ്റുന്ന തന്ത്രങ്ങളെ അതിജീവിക്കാൻ
നീട്ടിയെറിയുന്ന നാവിൽ
ഇളം കുഞ്ഞിൻെറ ചോരയെന്ന്.
തവളയ്ക്ക് ചീങ്കണ്ണിയിലുണ്ടായവനെന്ന്
ഒരു പുലഭ്യം തുപ്പൽ.
എറിഞ്ഞുകൊല്ല്, വഴിയാത്രക്കാരാ
ശാപഗ്രസ്തമായ ഈ മുഴക്കണ്ണുകൾ
ഇനി,യെനിക്കു വേണ്ട.
തലയ്ക്കേറ് കിട്ടുമ്പോൾ
കുത്തു ഭ്രമമുള്ളവർക്കായി ഒരു പകർന്നാട്ടം കൂടി ബാക്കി.
അന്ത്യനിമിഷങ്ങളിൽ
ശവപ്പെട്ടിയുടെ നിറം പൂണ്ടൊരു കിടപ്പുണ്ട്,
ശവത്തെപ്പോലും വെറുതെ വിടാത്തവർക്കു വേണ്ടി.

Biju Joseph (HSST)

# ക്ഷമിക്കണം നിങ്ങൾ അൽപ്പം വൈകിപ്പോയി

## മഴ പറഞ്ഞ കഥ

"രക്ഷിക്കണേ...ആരെങ്കിലും ഒന്നവന്ന് ഞങ്ങളെ രക്ഷിക്കണേ."അങ്ങകലെ ജലത്തിന്റെ നീരൊഴുക്കിന്റെ ഇടയിൽ അടഞ്ഞൊരു മാറ്റൊലി കേട്ട് ആൻറണി തിരിഞ്ഞ്നോക്കി .കാണാൻ കഴിഞ്ഞത് ഗൃഹത്തിന്റെ ഗ്രിൽപടിയിൽ അരയൊരപ്പം വെള്ളത്തിൽ മുങ്ങിനിൽക്കുന്ന വീട്ടമ്മയാണ്.അവളുടെ പേര് ലക്ഷമി. നഷ്ട –ബോധത്തിന്റെയോ, നിരാശയുടെയോ വിവിധ ഭാഗങ്ങൾ സമിശ്രമാക്കിയ വദനത്തിന്റെ ഉടമയായ ആ അമ്മയുടെ അടുക്കലേക്ക് ആൻറണി തന്റെ സഹതുഴച്ചിലുകാരെയും കൂട്ടി യാത്രയായി. "കയറിക്കോളൂ , താമസിക്കേണ്ട". സഹതുഴച്ചിലുകാർ ലക്ഷിമിയോട് പറഞ്ഞു. "ഇല്ല എനിക്കുവരാൻ കഴിയില്ല. എന്റെ കുടുംബം, എന്റെ മകൻ, എന്റെ അമ്മ,എന്റെ ഭർത്താവ്. ഇല്ല എനിക്ക് കഴിയില്ല."

"ഇല്ലില്ലാ ഒട്ടും വിഷമിക്കേണ്ട. അവരെ ഞങ്ങൾ രക്ഷിച്ചു കൊള്ളാം. താങ്കൾ കയറൂ." ആ സ്ത്രീയുടെ മുഖം വിളറി വെളുത്തിരുന്നു. കരങ്ങൾ വിറച്ചു കൊണ്ടിരുന്നു. ആ സ്ത്രീയുടെ മുഖം എന്തോ പറയാൻ വെമ്പുന്നുണ്ടായിരുന്നു. പക്ഷേ എന്തോ തടസ്സം, എന്തോ നിരാശ. ഉള്ളതിൽ പക്വതയുണ്ടെന്ന് തോന്നുമായിരുന്ന ആൻറണി ആരാഞ്ഞു. "എന്താണമ്മേ എന്തു സംഭവിച്ചു."വിറയ്ക്കുന്ന കരങ്ങളാൽ,ഹൃദയത്താൽ അവൾ പറയാൻ തുടങ്ങി ഇല്ലായ്മയിൽ നിന്നും ഉതിർന്നു വന്ന ഒരു ജീവിതമായിരുന്നു ലക്ഷിമിയുടേത്. ഭർത്താവ്, രണ്ടു മക്കൾ, അമ്മായിയമ്മ എന്നിവർ അടങ്ങുന്ന ഒരു സന്തുഷ്ട കുടുംബമായിരുന്നു ലക്ഷിയുടേത്.

കൂലിപണിക്കാരായ അവരുടെ മക്കളിലൊരാൾ ജന്മനാ തന്നെ മാനസിക വ്യഥയനുഭവിച്ചിരുന്നു. എന്നാൽ ഒരാൾ ബുദ്ധിപരമായും കായികമായും വളരെ മികവ് പുലർത്തിയിരുന്നു. സ്കൂളിന്റെ അഭിമാനഭാജകം. മാതാപിതാക്കളുടെ സ്വപ്ന സന്താനം.

ഭർത്താവ് രാഘവനും ലക്ഷ്മിയും അവനെ വളരെ കഠിനാധ്വാനത്തിലൂടെ പഠിപ്പിച്ച് ഒരു സിവിൽ എൻജിനീയറാക്കി. അവരുടെ കഠിനാധ്വാനത്തിലൂടെ സ്വന്തമാക്കിയ ആ യുവാവിന്റെ സ്വപ്നങ്ങൾ ലോകം അംഗീകരിച്ചു. തിരക്കുള്ള ആരും തേടിയെത്തുന്ന എൻജിനീയറായി അവൻ മാറി. സുന്ദരവും നൂറുമേനി വിജയം കൊയ്യേട്ടുക്കാൻ പര്യാപ്തവുമായ ഒരു സുന്ദരമായ വയൽ നികത്തി ഒരു വലിയ വീടും അവൻ പണിതു. ഒരു നിലയെങ്കിലും ആരും കൊതിച്ചുപോകുന്ന ഒരു സുന്ദരബംഗ്ലാവ്. തിരക്കും കാര്യങ്ങളുമായി,മഴ മാറിയാൽ ആയുവാവിന്റെ വിവാഹം നടത്താൻ നിശ്ചയിക്കുകയും ചെയ്തു. അങ്ങനെ ജോലിയുടെ ആവശ്യത്തിനായി രാജസ്ഥാനിൽ അവൻ വാസമായി. പൊരിഞ്ഞ വെയിലിന്റെ നടുവിൽ ദാഹത്തിന്റെ ഇടയിൽ കേരളത്തിന്റെ ഹരിതാഭയെ അവൻ വാഴ്ത്തി. താൻ നികത്തി കളഞ്ഞ സുന്ദരമായ വയലേലകളെ മറന്ന്...

മഴ കനത്തു. ടെറസിന്റെ മുകളിൽ നിന്ന് തെന്നി നിലത്ത് വീണ് രാഘവൻ

കിടപ്പിലായി. എങ്കിലും സാമ്പത്തികപ്രശ്നം അവരെ അലട്ടിയില്ല. 'മകന്റെ സമ്പാദ്യം........'

ദൂരെ നിന്ന് ആളുകൾ പാലായനം ചെയ്യുന്നത് ലക്ഷ്മി കണ്ടു. ഒപ്പം മഴ പെയ്ത് തന്റെ വീടിന്റെ മുറ്റത്തെ ജലം ഉയരുന്നതും. നോക്കിനിൽക്കുമ്പോൾ ജലം ഉയർന്ന് പൊങ്ങുന്നത് സ്വപ്നമാണോ എന്ന രീതിയിൽ ലക്ഷ്മി നോക്കികണ്ടു. പകച്ച് നിൽക്കുന്ന ഏകാകിയായ സ്ത്രീയായി അവൾ കാണപ്പെട്ടു. ഉള്ളിലേക്കോടികയറി. പ്രായമായ തന്റെ അമ്മയും,മകനും,തളർന്നു കിടക്കുന്ന ഭർത്താവും. എന്തു ചെയ്യും. എന്തോ പെട്ടെന്ന് ഓർമ്മവന്ന രീതിയിൽ കസേരയിൽനിന്ന് ചാടിയെഴുന്നേറ്റ് ലക്ഷ്മി കണ്ടത് ഉറങ്ങി കിടക്കുന്ന മകന്റെ കട്ടിലിനൊപ്പം വെള്ളം ഉയർന്നു നിൽക്കുന്നതാണ്. വൈകിയില്ല, മകനെ ഉയർത്തി തോളിൽ കയറ്റി നിർത്തി. കാരണം ജലം അത്രയും ഉയർന്നു കഴിഞ്ഞിരുന്നു. എഴുന്നേൽക്കാൻ വളരെ വിഷമിച്ചിരുന്ന ഭർത്താവ് കഠിനവേദനയിലും എഴുന്നേറ്റ് നിന്നു. പ്രായമായ അമ്മ മറുവശത്തും. നിസഹായ-യായ ലക്ഷ്മി കഴിയുന്നത്ര അയൽ വീട്ടുകളിലേക്ക് ഫോൺ ചെയ്യുന്നുണ്ട്. പക്ഷെ ആരു കേൾക്കാൻ. എല്ലാവരും ദുരിതാശ്വാസ ഭവനങ്ങളിലാണ്. മനുഷ്യന്റെ കൊടും ക്രൂരതയ്ക്ക് പ്രകൃതി തിരികെ കൊടുക്കുന്നു!

രാജസ്ഥാനിലെ തന്റെ മകനെ വിളിച്ചു. അവൻ വഴിയായി രക്ഷാപ്രവർത്തകരു-ടെ ഫോൺ വിളിവന്നു. "ഇപ്പോൾ എത്തും ഭയപ്പെടേണ്ട."കാത്തുനിന്നു. പക്ഷെ ഇതുപോലെ എത്രയോപേർ അവരുടെ ................

പക്ഷെ അവരുടെ ആരോഗ്യസ്ഥിതി അവരെ കാത്തുനിന്നില്ല. പ്രായമായ അമ്മ.


Sincy mol

**plus 1 science**


by Richin
8th D


VIII B


Aswin.k.s
VIII.A


VIII D Sruthikrishnan



അഞ്ജന കൃഷ്ണ
8B

Date.19-6-18

# മികച്ച വായനക്കാരനെ ആദരിച്ച് ബളാംതോടിലെ വിദ്യാർത്ഥികൾ



പനത്തടി: പഞ്ചായത്തിലെ മികച്ചവ്യനക്കാരനെ കണ്ടെത്തി ആദരിച്ചുകൊണ്ട് ബളാംതോട് ഗവ.ഹയർസെക്കണ്ടറി വിദ്യാലയത്തിൽ വായനപക്ഷാചരണത്തിന് സമാരംഭം. ചാമുണ്ടിക്കുന്ന് മുന്തന്റെ മൂല സ്വദേശിയായ ഗോപിനാഥനെയാണ് വായനാ ദിനത്തിൽ വിദ്യാലയം ആദരിച്ചത്. രണ്ടായിരത്തിലധികം പുസ്തകങ്ങൾ വായചിച്ച, പുസ്തകപ്രേമിയായഅദ്ദേഹം തന്റെ വായനാനുഭൃതിയും അനുഭവങ്ങളും കുട്ടികളുമായി പങ്കുവെച്ചു.

വായനയുടെ പ്രാധാന്യത്തെക്കുറിച്ചും വായനയുടെ അനന്തവിഹായസ്സി- ലേക്കുയർന്ന പറക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ സ്കൂൾപ്രിൻസിപ്പൽ ശ്രീ.വിനോദ്കുമാർ.A.K കുട്ടികളോട് സംസാരിച്ചു. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.ജയ്മോൻ മാത്യു മികച്ച വായനക്കാരനെ പൊന്നാടയണിയിച്ചു.അറിവിന്റെ, അനുഭവങ്ങളുടെ അക്ഷ യഖനികളായ പുസ്തകങ്ങളെ കൂട്ടുക്കാരാക്കാമെന്ന് സീനിയർ അസിസ്റ്റന്റ് ശ്രീ.പി.ശംഭുദാസ് തന്റെ പ്രസംഗംത്തിൽ ഊന്നിപ്പറഞ്ഞു.വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക എന്ന സന്ദേശം കേരളത്തിലങ്ങോളമിങ്ങോളം വിളംബരം ചെയ്ത, ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ശ്രീ P.N പണിക്കരെക്കുറിച്ചുള്ള അനുസ്മരണ പ്രഭാഷണം വിദ്യാരംഗം കൺവീനർ ശ്രീമതി പ്രമോദിനി ടീച്ചർ നടത്തി. വിജ്ഞാനത്തിന്റെ മഹത്വം വിളംബരം ചെയ്യുന്ന സമ്പന്നമായ ഈ ചടങ്ങിൽ ഹയർ-സെക്കണ്ടറി സീനിയർ അസിസ്റ്റന്റ് ശ്രീ.K.J തോമസ് അധ്യക്ഷത വഹിച്ചു. K.C ജയരാജൻ സ്വാഗതവും ബി.ചന്ദ്രൻ വന്ദിയും പറഞ്ഞു വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചതോടെ രണ്ടാഴ്ചക്കാലം നീളുന്ന വിയനോത്സവത്തിന്റെ ഉദ്ഘാടനചടങ്ങ് സമാപിച്ചു.

# തിളക്കമാർന്ന നേട്ടം




ഗണിത ശാസ്ത്ര ഐ.ടി പ്രവൃത്തി പരിചയ മേളകളിൽ എച്ച് എസ് വിഭാഗത്തിന് തിളക്കമാർന്ന വിജയം കൈവരിക്കാൻ സാധിച്ചു.ഗണിതശാസ്ത്രമേളകളിൽ എച്ച്എസ് വിഭാഗത്തിന് 66 പോയിന്റ് നേടി ഹോസ്ദുർഗ് സബ്ജില്ല ഗണിത ശാസ്ത്രമേളയിൽ.ജി.എച്ച്.എസ്.എസ്.ബളാംതോട് ചാമ്പ്യൻഷിപ്പ് കരസ്തമാക്കാൻ സാധിച്ചു. ജി.എച്ച്.എസ്.എസ്.ചന്ദ്രഗിരിയിൽ വച്ചുനടന്ന ജില്ലാ ഗണിത ശാസ്ത്ര മേളയിൽ 5 കുട്ടികൾ സബ്ജില്ലയെ പ്രതിനിതീകരിച്ചു.63 സ്കൂളുകൾ മത്സരിച്ച റവന്യൂ ജില്ലാ ഗണിതശാസ്ത്രമേളയിൽ നമ്മുടെ സ്കൂൾ പോയിന്റ് നിലയിൽ പത്താം സ്ഥാനം കരസ്ഥമാക്കി.അർഹരായവരെ സ്കൂൾ അധികാരങ്ങളും നാട്ടുകാരും ചേർന്ന് അനുമോധിച്ചു.

ഐ.ടി.,ശാസ്ത്രമേളകളിലും നമ്മുടെ സ്കൂൾ മിന്നുന്ന വിജയം കാഴ്ചവച്ചു. സയൻസ് റിസേർച്ച് പ്രൊജക്ടിൽ സെൽന സാബു,ശ്വേത വേണുഗോപാൽ എന്നിവർ 1st A ഗ്രേഡും ,സ്റ്റിൽ മോഡലിൽ 3rd A കരസ്തമാക്കി. ഐ.ടി.റിസേർച്ച് ടൈപ്പ് പ്രൊജക്ടിൽ A ഗ്രേഡും നേടി സ്കൂളിന്റെ യശസ്സ് ഉയർത്തി. പ്രവർത്തിപരിചയ മേളയിൽ അർഷാദ് മുഹമ്മദ് 2nd A ഗ്രേഡ് നേടുകയുണ്ടായി. റവന്യൂ ജില്ലാ ഗണിത ശാസ്ത്ര ക്വിസ്സിൽ സനീഷ്.ടി.എസ മൂന്നാം സ്ഥാനംകരസ്ഥമാക്കി.





# അർഷാദ് മുഹമ്മദ്

## X C

**പ്രവൃത്തിപരിചയമേളയിൽ ഇലക്ട്രോണിക്സിൽ സബ് ജില്ലയിൽ 2nd A ഗ്രേഡും ജില്ലയിൽ A ഗ്രേഡും ലഭിച്ചു.**





അഭിനന്ദ

8F

IT Project

സെൽന ശ്വേത വേണഗോപാൽ

8C 8D

SCIENCE PROJECT



# ഹിമകണങ്ങളുടെ റാണി



മരതകക്കുന്നുകൾ രജതരേഖകൾ പോലുള്ള പുഴകളും വയലേലകളും നിറഞ്ഞ നമ്മുടെ കൊച്ചുകേരളത്തിന് തിലകക്കുറിയെന്നോണം തലയുയർത്തി നിൽക്കുന്ന റാണിപുരം സഞ്ചാരികളെ മാടിവിളിക്കുകയാണ്. മാടത്തുമല എന്ന പേരിലും അറിയപ്പെടുന്ന ഈ വിനോദസഞ്ചാരകേന്ദ്രം കുടക് മല നിരകളിൽവെച്ച് ഏറ്റവും തലയെടുപ്പുള്ളതാണ്.

കാഞ്ഞങ്ങാട് റെയിൽവെസ്റ്റേഷനിൽ നിന്ന് ഏകദേശം അമ്പത് കിലോമീറ്റർ കിഴക്കോട്ട് യാത്ര ചെയ്താൽ, 'കേരളത്തിന്റെ ഊട്ടി' എന്നറിയപ്പെടുന്ന ഈ മനോഹര ഭൂമിയിൽ എത്തിച്ചേരാം. പ്രക്രതി അതിന്റെ എല്ലാ സൗഭാഗ്യവും കനിഞ്ഞനുഗ്രഹിച്ചിട്ടുള്ള ഈ മലനിരകൾ കിഴക്കൻ മലയോരഗ്രാമമായ പനത്തടിയുടെ യശ്ശസുയർത്തുകയും ലോകോത്തരമാക്കുകയും ചെയ്തു.

പ്രകൃതിരമണീയത കൊണ്ടും ജൈവവൈവിധ്യം കൊണ്ടും സഞ്ചാരികളുടെ മനം കവരുന്ന ഈ 'റാണി' കേരളാ ടൂറിസത്തിൽ ഒരു തിലകക്കുറിയായി നിൽക്കുന്നു. ലോകത്തിന്റെ പല ഭാഗത്തുനിന്നുള്ള നൂറുകണക്കിന് വിനോദസഞ്ചാരികളാണ് ദിനം പ്രതി ഈ സുന്ദരഭൂമിയിൽ എത്തിച്ചേരുന്നത്.ഋതുഭേതങ്ങളില്ലാതെ മഞ്ഞിന്റെ തലപ്പാവണിഞ്ഞു നിൽക്കുന്ന ഈ മലനിരകൾ ഏതൊരു യാത്രികന്റെയും മനം കുളിർപ്പിക്കുന്ന ഒരു അനുഭൂതിയായി നിറഞ്ഞു നിൽക്കുന്നു.

**സ്മിത**

**എച്ച്. എസ്. എ മലയാളം**

കവിത

## ആരുമില്ലാത്തവർ അനാഥർ

ആരുമില്ലാത്തവർ ആരുമില്ലാത്തവർ
ആരുമില്ലാത്തവർ അനാഥരാണ്
അച്ഛനും അമ്മയും സോദരിമാരും
ആരുമില്ലാത്തവർ അനാഥരാണ്

സസ്യഭ്രജാലങ്ങളില്ലാത്ത
പ്രകൃതി അനാഥയാണ്
ഗ്രഹങ്ങളില്ലാത്ത
ശൂന്യാകാശം അനാഥയാണ്

കാറ്റും മിന്നലും ഇടിയും
ഇല്ലാത്ത മഴയനാഥയാണ്
മത്സ്യങ്ങളില്ലാത്ത
സമുദ്രം അനാഥയാണ്

ഞാൻ അനാഥയാണ്
പ്രകൃതി അനാഥയാണ്
ശൂന്യാകാശം അനാഥയാണ്
മഴ അനാഥയാണ്
സമുദ്രം അനാഥയാണ്
എല്ലാം അനാഥമാണ്

selna sabu
8 c

# സ്കൂൾ ലൈബ്രറി

ബളാംതോട് ഗവ.ഹയർസെക്കൻഡറി സ്കൂളിൽ LP, UP, HS, വിഭാവങ്ങളിലായി മൂന്ന് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. LP വിഭാഗത്തിൽ മുന്നൂറോളം പുസ്തകങ്ങളും,UP വിഭാഗത്തിൽ 562 പുസ്തകങ്ങളും ഉണ്ട്. HS വിഭാഗത്തിലുള്ള 4525 പുസ്തകങ്ങളിൽ കുറച്ച് പുസ്തകങ്ങൾ കാലപഴക്കം കൊണ്ട് ഉപയോഗശൂന്യമാണ്, ബാക്കിയുള്ളവ, മലയാളം റഫറൻസ്,സോഷ്യൽ സയൻസ് റെഫറൻസ് ബുക്ക്,മലയാളം കഥകൾ, ഇംഗ്ലീഷ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. വിതരണം ചെയ്യുന്ന പുസ്തകങ്ങളുടെ ഗ്രന്ഥവിതരണ രജിസ്റ്ററും കൃത്യമായി എഴുതി സൂക്ഷിക്കുന്നു.LP വിഭാഗത്തിൽ 3,4 ക്ലാസ്സുകളിലെ കുട്ടികൾക്ക് പുസ്തകം കൊടുത്തുവിടുന്നു.UP വിഭാഗത്തിൽ ക്ലാസ്സിലേക്കാവശ്യമായ ക്ലാസ്സ് ടീച്ചറുടെ നേതൃത്വത്തിൽ വിതരണം ചെയ്തു വരുന്നു.നന്നായി വായിക്കുന്ന കുട്ടികൾക്ക് അവരാവശ്യപ്പെടുന്ന പുസ്തകങ്ങൾ നൽകുന്നുണ്ട്.

ഒൻപത് പത്ത് ക്ലാസ്സുകളിലേക്ക് പാഠപുസ്തകവുമായി ബന്ധപ്പെട്ട അറുപതോളം പുസ്തകങ്ങൾ RMSA ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുണ്ട്.ഈ പുസ്തകങ്ങളുടെ എണ്ണം കുറവായതുകൊണ്ട് ഒരു ഡിവിഷന് ഒരു മാസം എന്ന കണക്കിൽ എല്ലാ ക്ലാസ്സുകളിലും ലഭ്യമാകുന്ന രീതിയിൽ വിതരണം ചെയ്യുന്നു.

ഒൻപതാം ക്ലാസ്സിൽ ഓരോ ഡിവിഷനിലും കുട്ടികളുടെ എണ്ണമനുസരിച്ച് ലൈബ്രറി പുസ്കങ്ങൾ നൽകുകയും മാസത്തിലൊരിക്കൽ മാറ്റിനൽകുകയും ചെയ്യുന്നു.എല്ലാദിവസവും ഉച്ചയ്ക്ക് ലൈബ്രറി തുറക്കുകയും ആവശ്യമുള്ള കുട്ടികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുന്നുമുണ്ട്. എട്ടാം ക്ലാസ്സുകളിലേക്ക് സ്കൂൾ തുറന്നപ്പോൾ തന്നെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പുസ്തകം വിതരണം ചെയ്തിരുന്നു.ക്ലാസ്സ് ടീച്ചറുടെ മേൽനോട്ടത്തിൽ പുസ്തകങ്ങൾ ക്ലാസ്സിൽ വിതരണം ചെയ്യുകയും കൈമാറുകയും ചെയ്യുന്നുണ്ട്.

ജൂൺ ആദ്യവാരം തന്നെ എല്ലാ ഹൈസ്കൂൾ ക്ലാസ്സുകളിലേക്കുമുള്ള പുസ്തകങ്ങൾ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് വിതരണം ചെയ്തു.ജൂൺ 19-ന് ആരംഭിച്ച വായനാവാരത്തോടനുബന്ധിച്ച്,ഓരോ ക്ലാസ്സിൽ നിന്നും തിരെഞ്ഞെടുത്ത കുട്ടികൾ അവർ വായിച്ച പുസ്തകങ്ങളുടെ വായനാകുറിപ്പുകൾ അവതരിപ്പിച്ചു.രണ്ടു മാസത്തെ വെക്കേഷൻ കാലയളവിൽ കുട്ടികൾക്ക് അവർ ആവശ്യപ്പെട്ട പുസ്തകങ്ങൾ നൽകി.വായനാകുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കുവാനാണ് ആവശ്യപ്പെട്ടിരുന്നു.2012-13 ബാച്ചിലെ പൂർവ്വവിദ്യാർത്ഥികൾ സ്കൂൾ ലൈബ്രറിയിലേക്ക് പതിനാലായിരം രൂപയുടെ പുസ്തകങ്ങൾ നൽകിയിട്ടുണ്ട്.13/7/18 ന് നടന്ന ചടങ്ങിൽ, ലൈബ്രറി കൗൺസിൽ അംഗം ശ്രീ.ദിലീപ് കുമാർ പുസ്തകങ്ങൾ ഏറ്റുവാങ്ങി.

## എന്റെ ലോകം പുസ്തകങ്ങളുടേത്

ഞാൻ വായിച്ച പുസ്തകങ്ങൾ എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ഓരോ പുസ്തകങ്ങൾ വായിക്കുമ്പോഴും എന്നിലേക്ക് ഒരുപാട് അറിവുകൾ പ്രവഹിക്കുന്നതായി അനുഭവപ്പെടാറുണ്ട്. എല്ലാ പുസ്തകങ്ങളും ഓർമച്ചെപ്പിൽ സൂക്ഷിക്കാൻ സാധിക്കാത്തതാനാൽ അവയെ എന്റെ ഭാഷയിലുള്ള ചെറുകുറിപ്പുകളായി മാറ്റി ഞാൻ സൂക്ഷിക്കാറുണ്ട്. ഞാൻവായിച്ച ആ പുസ്തകങ്ങളൊക്കെയും പഠനകാര്യങ്ങളിലും അല്ലാതെയും എന്നെ ഒരുപാട് സഹായിച്ചു. പ്രഭാഷണങ്ങളും കുറിപ്പുകളുമൊക്കെ എഴുതുമ്പോൾ വാക്കുകൾ കിട്ടാതെ ബുദ്ധിമുട്ടിയിരുന്ന എനിക്ക് പുസ്തക വായന ഒരുപാട് പുതിയ പദങ്ങളാണ് സമ്മാനിച്ചത്. ഞാൻ വായിച്ച നോവലുകളിലെ കഥാപാത്രങ്ങളെ ഇപ്പോഴും ജീവിച്ചരിക്കുന്ന മനുഷ്യരായാണ് കാണാറ്. അതുകൊണ്ടുതന്നെ നമ്മെക്കാൾ ദുരിതമനുഭവിക്കുന്നയാളുകൾ ഈ ഭൂമുഖത്ത് ഉണ്ട് എന്ന വസ്തുത വിഷമസന്ധികളിൽ ഈ കഥാപാത്രങ്ങൾ എന്നെ ഓർമിപ്പിക്കാറുണ്ട്. ഒരു നോവൽ പൂർണമായും വിജയിക്കുന്നത് അത് വായനക്കാരന്റെ മനസിനെ പൂർണമായും കൈയ്യിലെടുക്കുമ്പോഴാണ്. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ വായിച്ച പുസ്തകങ്ങളിലേറെ ഭാഗവും എന്റെ മനസിനെ പിടിച്ചു കുലുക്കിയവയാണ്. നമ്മെ ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും കരയിക്കാനും പഠിപ്പിക്കാനുമെല്ലാം പുസ്തകങ്ങൾക്കാകും,വായനയാണ് ഒട്ടുമിക്ക പ്രശ്നങ്ങൾക്കും പരിഹാരം,എന്ന് പുസ്തകങ്ങളാണ് എന്നെ പഠിപ്പിച്ചത്. തീർച്ചയായും എന്റെ വളർച്ചയിലും ജീവിതത്തിലും പുസ്തകങ്ങളുടെ പങ്ക് നിസ്തുലമാണ്.

### ഞാൻ വായിച്ച പുസ്തകങ്ങളിൽ ചിലത്

ആൽകെമിസ്റ്റ്,ടോട്ടോച്ചാൻ,ആടുജീവിതം,ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ, എൻമകജെ,ഒരുദേശത്തിന്റെ-കഥ,നാലുകെട്ട്,ഹാംലെറ്റ്,ഒരുകുടയും കുഞ്ഞുപെങ്ങളും, നരനായും പറവയായും, ലോകചരിത്രം സംബങ്ങളി-ലൂടെ, മുത്തശ്ശിമാരുടെ രാത്രി,ഡ്രാക്കുള,മാർത്താണ്ഡവർമ്മ,എബ്രഹാംലിങ്കന്റെ കുട്ടിക്കാലം,നെപ്പോളിയന്റെ കുട്ടിക്കാലം,ബഷീർ സമ്പൂർണ കൃതികൾ,ഞാൻ മലാല,ഹെലൻ കെല്ലർ,അഗ്നിച്ചിറകുകൾ,ഷേക്സ്പിയർ നാടകങ്ങൾ,ചണ്ഡാലഭിക്ഷുകി,ജീൻക്രിസ്റ്റഫ്.

സാരംഗ വി
IX A

# സ്കൂളിന്റെ ഔഷധത്തോട്ടം





ഔഷധത്തോട്ടം പരിപാലിക്കുന്ന ജെ ആർ സി അംഗങ്ങൾ

# N.M.M.S-ൽ ചരിത്രനേട്ടം

നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷയിൽ കാസർഗോഡ് ജില്ലയിൽ ഏറ്റവുംകൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നേടി കൊണ്ട് ബളാംതോട് ഗവ.ഹയർസെക്കണ്ടറി സ്കൂൾതിളക്കമാർന്ന വിജയം കൈവരിച്ചു.10 കുട്ടികൾ-ക്കാണ് ഇത്തവണ നാഷണൽലവൽ സ്കോളർഷിപ്പ് ലഭിച്ചത്.അനന്യ,കാർത്തിക,രമ്യ,അൽവിന, ആദിത്യ, ആരതി, അദവിയ, മിഥുൻ, യദുരാജ്,അരുൺ എന്നിവർക്കാണ് ലഭിച്ചത്.



## യു.എസ്.എസ് സ്കോളർഷിപ്പ് ലഭിച്ചവർ ,

സോന 8E റോസ്മേരി 8F



# നീരാഞ്ജനം

തേന്മാവുകൾ പൂക്കുംനേരം
പൂത്തുമ്പികൾ പാറി വരുമ്പൾ
തേനൂറും കല്പന ചാർത്തി
പൂതുമഴയായ് പെയ്തണയുന്ന
കവി മനസ്സം ശാരദമേഘം!
കതിരണിയും വയലിൻ
ചോലയിൽ പൂതുമഞ്ഞിൻ
കുളിരലയായ് പെയ്യുന്ന
കവിമനസ്സിൻ നവമാധുര്യം!
പൊൻമുകിലിൻ കളിയോടങ്ങലൾ
ചെമ്മാന വീഥിയിലാകെ
പൂക്കുന്നൊരു സന്ധ്യകണക്കെ
വെൺശംഖിൻ നാദവസന്തം
ശ്രീകോവിൽ മുട്ടിവിളിക്കെ
തെളിയുന്ന നവജ്യോതിസ്സായ്
പടരുന്ന കവിമനസ്സെങ്ങും!
തീരങ്ങളിൽ കാഴ്ചയൊരുക്കും
പേരാറിൻ പെരുമഴക്കാലം
ജീവൻെറ തുടിപ്പായ് കാത്ത
കാവ്യക്കടൽ പൂത്തുലയുന്ന
ആഴങ്ങളിൽ നീരാവിവരും
വെള്ളാരം കല്ലുകൾ പോലെ
മധുബാല്യ കിനാവിൻ പച്ച
മഴവില്ലിൻ മാനസപുണ്യം
ഉണരുന്ന ജീവനിലാകെ!
സൗഭാഗ്യ സുമശ്രീയെഴുതും
സൗഗന്ധിക താലമെടുത്തു
നറുചന്ദന തിലകമണിഞ്ഞു
ഋതുകന്യക പൂത്തുലയുമ്പോൾ
കവിമനസ് പൗർണമിയായ്!
തോരാത്ത രഥോത്സവഗീതം
വർണമെഴും കുടമാറ്റങ്ങൾ
വിണ്ണുതൊട്ടും സർഗക്ഷേത്രം

*കർപ്പൂരമഴയിൽ നനയാൻ*
*പോന്നോണ സ്മൃതികളിലാടാൻ*
*കാല്പാടുകൾ തെളിയും വീഥി*
*താമരയിതൾ കരുതും തെനിൽ*
*നീരാഞ്ജനം ആടിവരുന്ന*
*കവി മനസിൻ കല്ലോലങ്ങൾ!*
*പ്രതിഭാങ്കരപച്ചത്തെളിമകൾ*
*നിറതുളസി മാലയണിഞ്ഞു*
*കവിമനസ്സ് കൂടണയുന്നു!*
*ചെറുകിളികൾ മധുരം തൂകി*
*മൃദുശാഖികൾ മാടിവിളിച്ചു*
*കരിമുകിലിൻ കാന്തി തുടിച്ചു*
*ഋതുസംക്രമതാരം പോലെ*
*കവിയച്ഛൻ വാനിലുദിച്ചു!*

*രവീന്ദ്ര കുറുപ്പ്*
*H S S T ENGLISH*

അക്ഷരമുറ്റം ക്വിസ് മത്സരത്തിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുകയും സംസ്ഥാനതലത്തിൽ കാസർഗോഡ് ജില്ലയെ പ്രതിനിധാനം ചെയ്ത് മത്സരിച്ച

# അഭിനവ് എസ്. നായർ ,7-സി



# സ്കൂൾ കായിക മേള 2018-19









# കബഡിയിൽ കാസർഗോഡ് ജില്ലയെ പ്രതിനിധികരിച്ച് ഗ്രേസ് മാർക്കിന് അർഹയായ *ലിതിഷ 10D*





***ഫുട്ബോൾ ജില്ലാ ടീമിലേക്ക് സെലക്ട് ചെയ്യപ്പെട്ട മായ, ശരണ്യ, ശ്രീലക്ഷ്മി, അനഘ, നിമിഷ***

# സെൽഫിയുടെ ലോകം"

പൂവിലും പുഴവിലും സെൽഫിമയമായ് മാറി
പ്രാണൻ വെടിയുന്നതും പകർത്തി നാം
ഫോണെന്ന മായാപ്രപഞ്ചത്തിനടിമയായ്
ജീവിതം വെറുമൊരു കാർമേഘമായ് മാറി
ജീവിതമൂല്യങ്ങൾ വരണ്ടകിണറായി നാം
പുതിയൊരു തളിരിനായ് കാത്തിരിപ്പൂ.....
മരണത്തിൻ പടിവാതിലിൽ നിന്നുകരയുമൊരു
പ്രാണന്റെ കൂടെയാണാദ്യ സെൽഫി
ഭക്ഷണത്തിന്നായി കള്ളനായ് ,മരണം
വരിച്ചൊരാ ഭിക്ഷുവിനൊപ്പന്നമൊന്നെടുത്തു
മലപോലെ നിരയായി നീണ്ടുകിടക്കുന്ന
ശവശരാരങ്ങളോടൊപ്പമൊന്ന് ,
കാലനെപ്പോലെ വിഴുങ്ങാൻ ഇരമ്പുന്ന
രാക്ഷസത്തിരമാലയ്ക്കൊപ്പവും ഒന്ന് ,
സെൽഫിക്കുമുമ്പിൽ പ്രളമില്ലൊന്നുമില്ലിവിടെ
ഒരു ലൈക്ക് ഒരു കമന്റ് ഒരു ഷെയർ
ആരെയോ തൃപ്തിപ്പെടുത്തുവാനായി നാം
ഒരുപാട് തിന്മകൾ ചെയ്തുകൂട്ടി......!
പാഴായ ജന്മമായ് മാറുന്നു നമ്മളീ
ഫോണെന്ന അഹിയുടെ വലയത്തിനുള്ളിൽ
അറിയാം അതിന്നൊരു നൂറുദോഷങ്ങ -
ളെന്നറികിലും ശീലം തുടർന്നിടുന്നു.
തൻ മുഖം കാട്ടുന്നതിന്റെ തിടുക്കത്തിൽ
നന്മയുടെ ഹൃദയം പിളർത്തിടുന്നു .
അറിയില്ല ,ഇപ്പോക്ക് എങ്ങോട്ടെന്നറിയില്ല
നാശം അത് അരികിലായ് കാത്തുനിൽപ്പൂ
കാലമെന്നഹിയുടെ കയ്യിൽക്കിടന്ന് നാം
തിന്മതൻപാത തെളിച്ചിടുമ്പോൾ ,
നാളെ നാം കാലനെപ്പുകുന്ന നേരത്ത്
നമ്മളും ചെറിയൊരു സെൽഫി മാത്രം ,
നമ്മളും ചെറിയൊരു സെൽഫി മാത്രം

# സ്പോട്സിൽ അഭിമാന നേട്ടം

കായിക മേളയിൽ ചരിത്രനേട്ടവുമായി ബളാംതോട് ഗവ.ഹയർസെക്കണ്ടറി സ്കൂൾ 2018-19 അധ്യായന വർഷം സബ്ജില്ല, ജില്ല, സംസ്ഥാന മത്സരങ്ങളിൽ ഉജ്ജ്വലനേട്ടം കൈവരിക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു.സീനിയർ പെൺക്കുട്ടികളുടെ ബോക്സിങ് ചാമ്പ്യൻഷിപ്പിൽ സംസ്ഥാന തലത്തിൽ വെള്ളിനേടികൊണ്ട് പ്ലസ്ടു സയൻസിലെ വിഷ്ണുപ്രിയ . വി. എസ്. നാടിനും വിദ്യാലയത്തിന് അഭിമാനത്താരമായി.



സീനിയർ ആൺക്കുട്ടികളുടെ സംസ്ഥാനതല ബോക്സിങ് ചാമ്പ്യഷിപ്പിൽ നമ്മുടെ വിദ്യാലയത്തിലെ +2 വിഭാഗത്തിൽ പഠിക്കുന്ന ജോയൽ. വി. എസ്., കിരൺ. സി. എസ്., ഫാസിൽ. എമ്മ്. എന്നിവർ മികച്ച വിജയം നേടി.



സീനിയർ ആൺക്കുട്ടികളുടെ കരാത്തെ മത്സരത്തിൽ ഷാനു. വി. എസ്.(+2) നമ്മുടെ വിദ്യാലയത്തെ പ്രതിനിധീകരിച്ച് സംസ്ഥാനതലത്തിൽ പങ്കെടുത്തു.



കബഡി മത്സരത്തിൽ തുടർച്ചയായി സംസ്ഥാന ദേശീയ മത്സരങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ച്ചവച്ചിട്ടുണ്ട്. ഈ വർഷം സീനിയർ ഗേൾസ് വിഭാഗത്തിൽ (+2)കൊമേർസ് ആഷിത. സി.പി., (+1)ലെ ശ്രീവിദ്യ.സി.വി. എന്നിവർക്കും ജൂനിയർ ഗേൾസ് വിഭാഗത്തിൽ അൽഫോൺസ.കെ.ബി., ലിദീഷ. എന്നീ വിദ്യാർത്ഥിനികൾക്കും സംസ്ഥാന തലത്തിൽ രണ്ടും മൂന്നും സ്ഥാനം നേടിയ ടീമിൽ അംഗങ്ങളാണ്.



2017-18 ആരംഭിച്ച പ്രഥമ 'ഖേലോ ഇന്ത്യാ'മത്സരത്തിൽ നമ്മുടെ ജില്ലയിൽ നിന്നും ജൂനിയർ ഗേൾസ് കബഡിയിൽ പങ്കെടുത്ത അഷിത സി.പി ഈ വർഷം കബഡി അസോസിയേഷനു വേണ്ടി ദേശീയ മത്സരത്തിൽ പങ്കെടുക്കുന്ന കേരളാടീമിൽ ഉൾപ്പെട്ടത് നമ്മുടെ വിദ്യാലയത്തിന്റെ കായികക്കുതിപ്പിന് ഊർജം പകരുന്നു.

# സ്കൂൾ കൗൺസിലിംഗ് സർവീസ്

വനിതാ-ശിശുവികസന പദ്ധതിയുടെ കീഴിലുള്ള സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലിംഗ് സർവീസ് സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികളുടെ ശാരീരിക മാനസിക വൈകാരിക പ്രശ്നങ്ങളെയും, പഠനവൈകല്യങ്ങളെയും കണ്ടെത്തുകയാണ് ഇതിന്റെ ലക്ഷ്യം. തുടർന്ന് അതിലേക്ക് നയിക്കുന്ന കുടുംബപരവും, സാമ്പത്തികവും, സാമൂഹികവും, സാംസ്കാരികവുമായ കാരണങ്ങളെ കണ്ടെത്തി പ്രവർത്തങ്ങൾ നടത്തുന്നു. അതിനുവേണ്ടി വിവിധങ്ങളായ സ്ഥാപനങ്ങളെയും റിസോഴ്സുകളെയും സംഘടിപ്പിക്കുകയും സമന്വയിപ്പിക്കുകയും അതുവഴി വിദ്യാർത്ഥികളുടെ നാനാവിധമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു.

വ്യക്തിഗത കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ് എന്നിവ മുഖാന്തിരം വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനും സാധിക്കുന്നു. ആവശ്യമായ സാഹചര്യങ്ങളിൽ കുട്ടികളുടെ വീടുകൾ സന്ദർശിക്കുക, മാതാപിതാക്കളെ കൗൺസിലിംഗിന് വിധേയരാക്കുക, സ്കൂൾ തലത്തിലും കമ്മ്യൂണിറ്റി തലത്തിലും, അങ്കണവാടികൾ കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തുക എന്നിവ പ്രസ്തുത പദ്ധതിയയിലൂടെ നിർവഹിക്കപ്പെടുന്നു.

സങ്കീർണ്ണമായ മാനസികാരോഗ്യപ്രശ്നങ്ങൾ പ്രസ്ഇുത വിദഗ്ദർക്കും, നിയമനടപടികൾ നേരിടേണ്ട പ്രശ്നങ്ങൾ നിയമ വിദഗ്ദ്ധർക്കും പോലീസിനും കൈമാറുന്നതിൽ ഉറപ്പുവരുത്താറുണ്ട്.

## ശാരീരീക-മാനസിക പ്രശ്നങ്ങൾ നേരിടാൻ വിദ്യാർത്ഥികൾക്ക് ***ബോധവത്കരണ ക്ലാസ്സ്***




തിരുവനന്തപുരത്തു വച്ചു നടന്ന കേരളാ സ്കൂൾ സ്പോർട്ട്സ് യോഗാ മത്സരത്തിൽ പങ്കെടുത്ത മാളവിക ബിനു.[8F]



ശ്രീഹരി കെ. എസ്.

വർക്ക് എക്സ്പീരിയൻസ് വുഡ് വർക്ക് സ്റ്റേറ്റ് A ഗ്രേഡ്



ഹയർ സെക്കന്ററി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ സർഗ്ഗസൃഷ്ടികൾ ഉൾപ്പെടുത്തി മലയാളവേദി പുറത്തിറക്കിയ മാഗസിൻ.



# എന്റെ പുസ്തകപരിചയം

4-ാം ക്ലാസ്സുമുതൽ ഞാൻ ലൈബ്രറിപുസ്തകങ്ങൾ വായിക്കാൻ തുടങ്ങിയതാണ്.

ഇതുവരെയും കാലത്തിനിടയ്ക്ക് ഏകദേശം 75-ഓളം പുസ്തകങ്ങൾ ഞാൻ വായിച്ചു- കഴിഞ്ഞു. വായന ഒരു സ്വർഗീയ അനുഭൂതിയാണ് എനിക്കുനൽകിയത്. അതു ബോറടി മാറ്റാനും അറിവ് പകരാനും എന്നെ സഹായിച്ചു.ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ, ഒരു കുടയും കുഞ്ഞു പെങ്ങളും, മാധവിക്കുട്ടിയുടെ കഥകൾ, കയർ, ഞാൻ മലാല, ചിങ്ങബെയിലിനെ തൊടാമൊ, ഉറൂബിന്റെ കൃതികൾ, ആനപ്പുട,മതിലുകൾ, മാന്ത്രികപ്പൂച്ച, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, എൻമകജെ, വെനീസിലെ വ്യാപാരി, അപ്പൂപ്പൻതാടിയുടെ സ്വർഗയാത്ര, അഗ്നിച്ചിറകുകൾ, പ്രേമലേഖനം, ടോട്ടോച്ചാൻ, ജീൻവാൽജീൻ, ചണ്ഡാലഭിക്ഷുകി, ആനന്ദമഠം രമണൻ തുടങ്ങിയ കൃതികൾ എന്റെ പുസ്തകപരിചയത്തിൻ പെടുന്നവയാണ്. ഇതിൽ ഏറ്റവുംകൂടുതൽ എന്നെ ആകർഷിച്ച കൃതി എൻമകജെയാണ്. അംബികാസുധൻ മാങ്ങാട്, കാസർഗോഡിന്റെ കഥ പറയുകയാണ്. പ്രാചീന മനുഷ്യർ ഗുഹാവാസികളായിരുന്നു. ഗുഹയിൽനിന്ന് സംസ്കാരത്തിലേക്ക് അവർ വളർന്നു. പിന്നെ എന്തുകൊണ്ട് ഗുഹയിലേക്ക് ? ഈ ചോദ്യത്തിനുത്തരമാണ് എൻമകജെ നമുക്കു മുൻപിൽ തുറക്കുന്നത്. മാരകമായ എൻഡോസൾഫാൻ കീടനാശിനി എൻമകജെ ഗ്രാമത്തിനുണ്ടാക്കിയ തീരാദുരിതത്തിന്റെ കഥ കൂടിയാണിത്.

***അതു തന്നെയാണ് എന്നെ ഈ കൃതിയിലേക്കാകർഷിച്ചത്.***



# വായനാനുഭവം

ലൈബ്രറി പുസ്തകങ്ങൾ വായിക്കുന്നതിലൂടെ പ്രശസ്തരായ അനേകം പേരുടെ അനുഭവങ്ങളും മറ്റും അറിയാൻ കഴിയും . ഉത്തമജീവിതം നയിക്കാൻ ഒരാളെ പ്രാപ്തനാക്കുന്നത് വായനയാണ്.കുട്ടികളിൽ ഉറങ്ങി കിടക്കുന്ന സർഗവാസനകളെ ഉണർത്താൻ വായനയ്ക്ക് കഴിയാറുണ്ട്.അച്ചടക്കമുള്ള ഒരു ജനതയെ വളർത്തിയെടുക്കാൻ ഇത് സഹായമാകും.നോവലുകളും കഥകളും വായിക്കുന്നതിലൂടെ ഭാഷാവിഷയങ്ങൾ നന്നായി കൈകാര്യം ചെയ്യാനും എഴുതാനും സാധിക്കും.വായനയിലൂടെ സ്നേഹവും സഹവർത്തിത്വസ്വഭാവവും വളർത്താൻ സാധക്കും.പാഠപുസ്തകം തരുന്ന പ്രാഥമിക വിവരത്തിനപ്പുറത്തേക്കുള്ള അറിവുകൾ ഇതിലൂടെ ലഭിക്കും. വേദനയിൽ ആശ്വാസം പകരാനും ശുഭാപ്തിവിശ്വാസം ഉറയ്ക്കാനും ധൈര്യപൂർവ്വം പ്രശ്നങ്ങളെ നേരിടാനും പ്രാപ്തനാക്കുന്നത് വായനയാണ്.

**റിസ്വ ഷാജി**



സ്കൂളിന്റെ വിവരങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കാൻ
സ്കൂൾ വെബ് സൈറ്റ് തുറന്നു.

# ശാസ്ത്രവും സാമൂഹ്യധർമ്മവും

ഡി.ഡി കൊസാംബി എഴുതിയ ശാസ്ത്രവും സാമൂഹ്യധർമ്മവും എന്ന പുസ്തകം വളരെ മനോഹരമാണ്. ഗ്രാമീണപാരമ്പര്യങ്ങളിലുള്ള ഒരു പ്രാദേശികദൈവത്തെ കണ്ടെത്തുന്നതിലൂടെ ആദ്യകാലകുടിയേറ്റക്കാർ ,പ്രാദേശികസമൂഹത്തിലെ സവിശേഷതകൾ, പഴയ വ്യാപാരമാർഗങ്ങൾ, ഇടയനായ മനുഷ്യൻ ഭക്ഷ്യസമ്പാദകനും കൃഷിക്കാരനുമായി മാറിയതിന്റെ തെളിവുകൾ എന്നിവയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നു.

മനുഷ്യസമൂഹത്തിന്റേതടക്കമുള്ള ജനിതക വൈകല്യങ്ങളാണ് ചരിത്രം. വിശിഷ്യാ ശാസ്ത്രത്തിന്റെ ചരിത്രം മഹാത്മാക്കളുടെ വ്യക്തിപരമായ വിജയമായിട്ടാണ് അഥവാ ശാസ്ത്രജ്ഞനെ ഒരു മഹാത്മാവായിട്ടാണ് യാഥാസ്ഥിതികർ ചിത്രീകരിക്കാറുള്ളത്. നിശ്ചലമായൊരു വർഗത്തിൻ സ്വാഭാവികമായും പൊങ്ങിക്കിടക്കുന്ന മന്നന്മാരുടെ വൈയക്തിക കാര്യങ്ങൾ വിശദീകരിക്കുന്നത് നിരർത്ഥകമാണ്. പ്രാചീന ശിലായുഗത്തെ സംബന്ധിച്ച് ഡി.ഡി കൊസാംബി നമ്മോടു പങ്കുവയ്ക്കുന്നു. ഈ പുസ്തകത്തിൽ നിന്നും ഒരുപാട് കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നു. പിറന്നുവീണപ്പോൾത്തന്നെ സമാധാനത്തിനായി ആഹ്വാനം ചെയ്ത റഷ്യയുടെ നേർക്കുനേർ നടത്തിയ നിർദയമായ കയ്യേറ്റങ്ങൾ പോലുള്ള അക്രമം ഒന്നാം ലോകമഹായുദ്ധത്തിലും അതിനു ശേഷവും നമുക്ക് കണ്ടെത്താൻ കഴിയുന്നു. ഈ പുസ്തകം വളരെ മനോഹരമാണ്.

**വായനാക്കുറിപ്പ്**

MANJUSHA.P.M.
8D

## മാതാവിന്റെ ദുഃഖം

ഞാൻ ഒരു മാതാവാണ്.എനിക്ക് ഒരുപാട് മക്കൾ ഉണ്ട് . ആഗ്രഹിച്ചതുപോലുള്ള മക്കളല്ല എനിക്ക് ലഭിച്ചത്. മക്കൾ എന്നെ രോഗിയാക്കി.എന്റെ വിഷമം ആരോടാണ് പറയുക. അവരുടെ വളർച്ച എന്നെ കീറിമുറിക്കുകയാണ്.ഈ അവസ്ഥ സഹിക്കുവാൻ പറ്റുന്നില്ല. ഏതൊരു മാതാവും ആഗ്രഹിക്കുന്നതുപോലെ മക്കളുടെ ഉയർച്ച ഞാനും ആഗ്രഹിച്ചു. അതിനുപകരമായി അവർ എനിക്കു സമ്മാനിച്ചത് ക്യാൻസർ പോലുള്ള മാരകരോഗമാണ്. എന്റെ ഓരോരോവശവും തളരുകയാണ്. എന്റെ കാലുകളിലെ വ്രണങ്ങളാൽ ദുർഗന്ധം വഹിക്കുന്നു.ഇതിൽ നിന്നെല്ലാം ഒരു മോചനം മരണമാണ്. എന്നെപ്പോലും മറന്ന് അവർ കെട്ടിപ്പൊക്കിയ കെട്ടിടങ്ങൾ നശിപ്പിച്ചുകൊണ്ടിരുന്ന മരങ്ങൾ,പക്ഷികൾ,മൃഗങ്ങൾ,സസ്യജാലങ്ങൾ എന്നിവ എന്നെ തകർത്തതിന്റെ ചെറിയ ഉദാഹരണങ്ങളാണ്. ഇനിയും ഞാൻ പൂർണ്ണമായും നശിച്ചിട്ടില്ല. മക്കൾ ഈ മാതാവിനെ സംരക്ഷിക്കാൻ ഈശ്വരൻ തോന്നിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഭൂമിമാതാവ്

മൃദുല മോഹനൻ
5 C



# പ്രകൃതി

പ്രപഞ്ചതാളം ശ്രുതി ചേർക്കാം
ഹരിതാഭഭ്രൂമിയെ കാത്തു കൊൾളാം
മാനവ നൻമകൾ കണികണ്ടുണരും
മാനവ നൻമകൾ കണികണ്ടുണരും
നവപ്രഭാതം പുലരാനായ്
പൃഥ്വിപ്തേജ്ജോവായ്യൂഗഗനം
സർവ്വവും കാക്കാം പ്രകൃതിയെ നമിക്കാം
സർവ്വവും കാക്കാം പ്രകൃതിയെ നമിക്കാം

എ രത്നാവതി
ഹെഡ്മിസ്ട്രസ്

# സേവന തത്പരരായി ജി എച്ച്. എസ്. എസ്. സ്കൗട്ട്&ഗൈഡ്സ് അംഗങ്ങൾ.









**പാവപ്പെട്ടവർക്ക് ഓണക്കിറ്റ് വിതരണം**




**കിടപ്പുരോഗികൾക്ക് സാന്ത്വനം പകരുന്നു**



# ജി.എച്ച്.എസ്.എസ് ബളാംതോട്,
# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ

| ക്രമ നമ്പർ | പേര് |
|---|---|
| 1. | അഖിത സ്റ്റാൻലി |
| 2. | അനഘ.എ.എസ് |
| 3. | അനന്തു.പി.ബി |
| 4. | അശ്വിനി.വി |
| 5. | ബിബിൻ.എൻ |
| 6. | ഫിയോണ തരേസ് ജോബി |
| 7. | ഗോപു.ജി.എം |
| 8. | ഹരിപ്രിയ.പി |
| 9. | ജിൽന ജിനിൽ |
| 10. | ജോസ്ന തോമസ് |
| 11. | ജ്യോതിക.പി.എസ് |
| 12. | കാവ്യ.കെ |
| 13. | കെ.യദുരാജ് |
| 14. | മാളവിക.കെ |
| 15. | മയൂഷ.കെ |
| 16. | മിഥുൻ ക്രിഷ്ണ |
| 17. | പ്രഗൻ.കെ.എൻ |
| 18. | പൂജ.പി |
| 19. | റാബിയത്തുൾ അദവ്യ |
| 20. | ശരണ്യ.പി.എസ് |
| 21. | സോണിയ വിനോദ് |
| 22. | ശ്രീകാന്ത്.എസ് |
| 23. | ശ്രീകിരൺ.കെ.കെ |
| 24. | വൈഷ്ണവി |
| 25. | യോഗേഷ്.ബി |


ARUN S
9E
DIGIPAINTING